'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ പി.പി. ജനാർദ്ദനൻ ഫയൽ ചെയ്ത OA (EKM) 980/2018 നമ്പർ കേസിലെ വിധിന്യായം - കോടതി നിർദ്ദേശം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1008/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/05/2019**

---

പരാമർശം:- 1 28/09/98 ലെ ജി.ഒ.(പി)നം.32/98/പി.&എ.ആർ.ഡി. നം. ഉത്തരവ്

2 13.08.2004 ലെ ജി.ഒ.(എം.എസ്)നം. 267/2003/എൽ .എസ്.ജി.ഡി.

3 16.09.2004 ലെ നഗരകാര്യ ഡയറക്ടറുടെ ബി7-11050/2003 നം. കത്ത്

4 13.08.2009 ലെ സ.ഉ.(സാധാ)നം.2079/2009/തസ്വഭവ നമ്പർ ഉത്തരവ്

5 01.02.2018 ൽ ശ്രീ പി.പി.ജനാർദ്ദനൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷ

6 OA (EKM) 980/2018നമ്പർ കേസിലെ 04/06/2018 ലെ വിധിന്യായം.

7 22/6/2018 ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ സി2/8555/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് വികസന അതോറിറ്റിയിൽ അസി.ഗ്രേഡ് 2 തസ്തികയിലേക്ക് കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വികലാംഗനായ ശ്രീ. പി.പി.ജനാർ ദ്ദനൻ 1200-2040 രൂപ ശമ്പള സ്കെയിലിൽ 179 ദിവസത്തേക്ക് 18/10/2004- ൽ താല്ക്കാലികമായി നിയമിച്ചിരുന്നു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷം പ്രമാണിച്ച് 01.01.97 നും 31.12.97 നും മദ്ധ്യേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികാടിസ്ഥാനത്തിൽ നിയമിതരായ വികലാംഗ ജീവനക്കാരെ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ തികച്ചും താല്ക്കാലികാടിസ്ഥാനത്തിൽ സർവ്വീസിൽ നിലനിർത്തുന്നതിനും പിരിച്ചുവിട്ടവർ, അവർ സേവനമനുഷ്ഠിച്ചിരുന്ന വകുപ്പിൽ അതേ തസ്തികയിൽ തന്നെ പുനർ നിയമനം നടത്തുവാനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ടായിരുന്നു. ടി ഉത്തരവ് പ്രകാരം ശ്രീ.പി.പി. ജനാർദ്ദനൻ ഉൾപ്പെടെ 9 പേർക്ക് അസി. ഗ്രേഡ് 2 തസ്തികയിൽ പുനർനിയമനം നല്കിയിരുന്നു. എന്നാൽ ആവശ്യമായ തസ്തികകൾ ഇല്ലാത്തതും സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച്

നിയമനം നടത്തുന്നതിന് തടസ്സം നേരിട്ടതുമൂലം 01/01/1997 മുതൽ 14/08/98 വരെ ജോലി ചെയ്തിരുന്ന എല്ലാ വികലാംഗ ജീവനക്കാരേയും വികസ്നന അതോറിറ്റിയിൽ ഉൾക്കൊള്ളാൻ കഴിയാതിരുന്നതിനാലും ടി ജീവനക്കാരെ മുനിസിപ്പൽ കോമൺ സർവ്വീസിൽ അസി. ഗ്രേഡ് II തസ്തിക നിലവിൽ ഇല്ലാത്തതിനാൽ ടി സർവ്വീസിൽ ജൂനിയർ മോസ്റ്റ് എൽ.ഡി.ക്ലാർക്കായി ജോലി ചെയ്യാൻ സന്നദ്ധമാണെന്ന് ടിയാളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അസി. ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുവരെ എൽ.ഡി.ക്ലാർക്കുമാരായും മറ്റ് തസ്തികകളിൽ ജോലി ചെയ്തിരുന്നവരെ പരാമർശം (2) പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയിൽ അസി. ഗ്രേഡ് 2 തസ്തികയിൽ താല്ക്കാലികമായി നിയമിക്കുകയും നിലവിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ തുടർന്ന് വരികയുമാണെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. വികലാംഗ ജീവനക്കാർക്ക് 3% തസ്തിക സംവരണം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം 25/09/2004 ൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുയും 25/09/2006 ൽ പ്രൊബേഷൻ പൂർത്തീകരിക്കുകയും തുടർന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള തനിക്ക് കോടതി വിധികളുടെ അടിസ്ഥാനത്തിൽ വികലാംഗരുടെ പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അർഹമായ തീയതി മുതൽ ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി അന്നുമുതലുള്ള മറ്റെല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ ബഹു. ഹൈക്കോടതി മുമ്പാകെ OA (EKM)980/2018 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. പരാതിക്കാരൻ പരാമർശം (5) പ്രകാരം സമർപ്പിച്ചിരുന്ന (Ann. A7) അപേക്ഷ പരിശോധിച്ച് 2 മാസത്തിനകം ഒന്നാം എതിർ കക്ഷി ഉചിത നടപടി സ്വീകരിച്ച് തീർപ്പാക്കണമെന്ന് പരാമർശം (6) പ്രകാരം ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

3. കേരള സംസ്ഥാന വിദ്യുത് ശക്തി ബോർഡിൽ 3% സംവരണ തസ്തികയിൽ നിയമിതരായ വികലാംഗജീവനക്കാർക്ക് പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നല്കിയതുപോലെ 25/09/2004 ൽ സർവ്വീസിൽ പ്രവേശിച്ച് 25.09.2006 ൽ പ്രൊബേഷൻ പൂർത്തീകരിച്ച തനിക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ വികലാംഗരുടെ പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അർഹമായ തിയ്യതി മുതൽ ഉയർന്ന തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നല്കി അതുമൂലമുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് നല്കണമെന്ന് ടിയാൻ പരാമർശം (5) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 01/01/1992 മുതൽ 14/08/98 വരെയുള്ള കാലയളവിൽ താല്ക്കാലികമായി സേവനമനുഷ്ഠിച്ചിരുന്ന വികലാംഗ ജീവനക്കാരെ അതേ തസ്തികയിൽ തന്നെ നിയമിക്കണമെന്നിരിക്കെ ചില പ്രത്യേക സാഹചര്യത്തിൽ ശ്രീ. ജനാർദ്ദനൻ ഉൾപ്പെടെയുള്ളവരെ വികസന അതോറിറ്റിയിൽ

ഉൾക്കൊള്ളാൻ കഴിയാതെ വന്നപ്പോൾ ജൂനിയർ മോസ്റ്റ് എൽ.ഡി.ക്ലാർക്കായി നിയമിക്കുന്നതിന് സമ്മതമാണെന്നുള്ള ടി ജീവനക്കാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് മറ്റൊരു വകുപ്പിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിയമനം നല്കിയിട്ടുള്ളത്. പി.പി.ജനാർദ്ദനൻ പരാമർശം (5) പ്രകാരം ഉന്നയിച്ചിരിക്കും പോലെ KSEB അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ എന്ന നിലയ്ക്കല്ല, അപ്പോയ്മെന്റ് ആയി നിയമനം നൽകിയിട്ടുള്ള സാഹചര്യത്തിലാണ് ബഹു ഹൈക്കോടതി അത്തരത്തിൽ അപേക്ഷകന് അനുകൂലമായ ഉത്തരവ് നൽകിയിട്ടുള്ളത്. എന്നാൽ സമാന രീതിയിൽ നിയമിതനായ ശ്രീ. അബ്ദുൾ സലാം തനിക്ക് ശമ്പളം അനുവദിച്ച് നല്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷ പരാമർശം ( 4 ) പ്രകാരം സർക്കാർ നിരസിച്ചിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. ജനാർദ്ദനന്റെ പരാമർശം (5) (Annexure A7) പ്രകാരമുള്ള അപേക്ഷയിലെ ആവശ്യം നിരസിച്ചുകൊണ്ടും ഇപ്രകാരം OA (EKM)980/2018 നമ്പർ കേസിലെ 04/06/2018 ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി.നാഗേന്ദ്രന്
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ശ്രീ. പി.പി. ജനാർദ്ദനൻ, ആലൻചേരി പറമ്പ്, പെരുമണ്ണ (പി.ഒ), കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ.&.പി.ആർ.ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ